**SET – 1**
**Subject Code: 012**

# COMMON PRE-BOARD EXAMINATION 2017 – 2018
# മലയാളം

## CLASS - X

Time Allowed: 3 hours | Maximum Marks: 80

**General Instructions:**

i. *Please check that this question paper contains **5** printed pages.*
ii. *Code number given on the right-hand side of the question paper should be written on the title page of the answer-book by the candidate.*
iii. *Please check that this question paper contains **7** questions.*
iv. ***Please write down the Serial Number of the question before attempting it.***
v. *15 minutes time has been allotted to read this question paper. The question paper will be distributed at …….. a.m. From ……. a.m. to …….. a.m., the students will read the question paper only and will not write any answer on the answer-book during this period.*

The question paper is divided into four sections :

| | | |
|---|---|---|
| Section A | : Reading Comprehension | : 10 Marks |
| Section B | : Writing | : 16 Marks |
| Section C | : Grammar | : 17 Marks |
| Section D | : Literature | : 37 Marks |

**എ - വിഭാഗം/ Section A**

**1. താഴെകൊടുത്തിരിക്കുന്നഗദ്യഭാഗംവായിച്ച്ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

ഉണ്ണായി വാര്യർ കഥകളിയെ നാടകത്തിന്റെ സീമകളിലേക്ക് ഉയർത്തുവാനാണ് ശ്രമിച്ചത്.ആദി മദ്ധ്യാന്തങ്ങളോടു കൂടിയ ലക്ഷണ യുക്തമായ ഇതിവൃത്തം,വൈവിധ്യമുള്ള കഥാപാത്രങ്ങൾ,സ്ഥായിയായ ഒരു രസം ,അതിനെ യഥോചിതം പോഷിപ്പിക്കുന്ന ഇതരപോഷകരസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ഇതിവൃത്തം അദേഹം തിരഞ്ഞെടുത്തു. നളചരിതത്തിലെ നായികാനായകന്മാരുടെ വിശിഷ്ടഗുണ സമ്പൂർണ്ണപ്രഭാവം തന്നെ ആ കഥയ്ക്ക് ഭൂഷണമായി ഭവിച്ചു. വാര്യർ കേവലമൊരു ആട്ടക്കഥ കൃത്തു മാത്രമായിരുന്നില്ല. അനുഗ്രഹീത സിദ്ധി കളോടുകൂടിയ ഒരു

മഹാകവിയുമായിരുന്നു. ലക്ഷണയുക്തമായ ഒരു ആട്ടക്കഥ എന്നതിനു പുറമേ രമണീയാർത്ഥ പ്രതിപാദകമായ ഒരു ശ്രവ്യകാവ്യമായും സഹൃദയർ നളചരിത്തെ ബഹുമാനിക്കുന്നു. ഷേക്സ്പിയറുടെ സമുന്നതമായ കലാബോധത്തേയും ജീവിതനിരീക്ഷണ പാടവത്തെയും, ശ്രീഹർഷന്റെ വൈദുഷ്യ പ്രഭാവത്തെയും കാളിദാസന്റെ പ്രകൃതി മർമ്മജ്ഞതയെയും ഒന്നുപോലെ അനുസ്മരിപ്പിക്കുന്ന പല സിദ്ധിവിശേഷങ്ങളും വാര്യരിൽ കളിയാടിയിരുന്നു.കാവ്യപരവും നാടകപരവുമായ ആ കൃതിയുടെ ശ്രേഷ്ഠത പരിഗണിച്ചാണ് ചില പണ്ഡിതന്മാർ കേരളത്തിന്റെ ശാകുന്തളം എന്ന് പ്രസ്തുത കൃതിയെ വിശേഷിപ്പിച്ചത്.

1. നാടകത്തിന്റെ നിലവാരം പുലർത്തുന്ന ആട്ടക്കഥ എത്?രചിച്ചതാര് ? 2
2. വാര്യർ സാഹിത്യ രചനക്ക് തിരഞ്ഞെടുത്ത ഇതിവൃത്തത്തിന്റെ പ്രത്യേകത എന്താണ് ? 2
3. നളചരിതം ആട്ടക്കഥയ്ക്ക് സഹൃദയലോകത്തിലുള്ള സ്ഥാനമെന്താണ്? 2
4. ഉണ്ണായിവാര്യർക്ക് കവി എന്ന നിലയിലും കലാകാരൻ എന്ന നിലയിലുമുള്ള പ്രത്യേകതകൾ എന്തായിരുന്നു ? 2
5. ഖണ്ഡികയ്ക്ക് ഉചിതമായ തലക്കെട്ട് നൽകുക ? 2

**2.**

## ബി - വിഭാഗം / Section B

8

a. **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക .**
   1. വനസംരക്ഷണം
   2. ഉപഭോഗ സംസ്കാരത്തിന് അടിമയാകുന്ന മലയാളി
   3. വിദ്യർത്ഥികളുംരാഷ്ട്രീയവും

b. “നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നം സർക്കാരിന്റെ. ശ്രദ്ധയിൽപ്പെടുത്തണമെന്നാവിശ്യപ്പെട്ടു കൊണ്ട് പ്രമുഖ പത്രത്തിലെ പത്രാധിപർക്ക് കത്തെഴുതുക. 8

## സി - വിഭാഗം / Section C

**3.**

a. **പ്രയോഗം മാറ്റുക** (2x1=2)
   1. ഞങ്ങൾ അണ്ണാൻ പിറന്നാൾ എന്ന മഹായജ്ഞം നടത്തിയിരുന്നു.
   2. മണ്ണു മൂടുന്നതിന് മുമ്പ് ഒരിക്കൽകൂടി കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ കണ്ടു.

b. **അംഗി വാക്യം അംഗവാക്യം എഴുതുക** (2x1=2)

1. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും.
2. കടിച്ചു വലിക്കാൻ വെമ്പുന്ന കുറുക്കന്മാർ വന്നപ്പോൾ അയാൾ അവയെ ആട്ടിയോട്ടിക്കുന്നു.

c. **പിരിച്ചെഴുതി സന്ധിചെയ്യുക** (2x1=2)

1. പ്രകൃതിയെ.
2. പരസ്യമായി

d. **വിഗ്രഹിച്ചു സമസമെഴുതുക** (2x1=2)

1. പൂരിതാഭ
2. പഴന്തുണി

e. **പര്യായമെഴുതുക** (2x1=2)

1. കുളമ്പ്
2. ഉപാസന

f. **നാനാർത്ഥമെഴുതുക** (2x1=2)

1. തൂക്കം
2. വർണം

g. **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (2x1=2)

1. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ പലവട്ടം വീണ്ടും വീണ്ടും ചുറ്റിമുറുക്കി.
2. അയാൾ വിഷാദത്തോടെ അകലെ നോക്കി നിന്നു വിഷമിച്ചു.

**4.** **ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരമെടുത്തെഴുതുക**

a. **വിപരീതമെഴുതുക** (2 x$^1/_2$=1)

1. നിത്യം ( അനിത്യ, അനിത്യം, അനുരാഗം, പഴക്കം )
2. സംഹാരം ( ആഹ, സൃഷ്ടി, രാഗം ,സംഹാരി )

b. **അർത്ഥവ്യത്യാസമെഴുതുക** (2x$^1/_2$=1)

1. ചിരം -ചീരം (വളരെ , രീതി , മരവുരി , അമൂല്യം )
2. ഒരം -ഓരം (സ്ഥലം , തോൾ , ഒരുക്കം , വശം )

c. **എതിർലിംഗം എഴുതുക** (2x$^1/_2$=1)

1. ഭവാൻ ( ഭാനുമതി , ഭഗവതി , ഭാനമതി ,ഭവതി)
2. യാചകി ( യാചൻ, യാച്ചുകൻ, യാചകൻ , യാചവൻ)

## ഡി - വിഭാഗം /Section - D

5 **(i) ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരമെടുത്തെഴുതുക** $(5x^1/_2=2^1/_2)$

a) മോക്ഷാർഥി എന്താണ് ചെയ്യേണ്ടത്?
(ധനം നേടണം, കോപം അടക്കണം, വിദ്യനേടണം , കലാകാരനാകണം)

b) കുളമ്പുകൾ നൃത്തമാടിയതെവിടെ ?
(കോട്ടകളിൽ , ശവകുടീരങ്ങളിൽ, ഉദ്യാനങ്ങളിൽ ,രാജ്യങ്ങളിൽ )

c) വിചിത്രവിജയം എന്ന കുമാരനാശന്റെ കൃതി ഏത് വിഭാഗത്തിൽ പ്പെടുന്നു ?
( കവിത, കഥ , നാടകം , ലേഖനം )

d) മലയാളഭാഷയുടെ മഹത്ത്വം കുടികൊള്ളുന്ന കവിതയേത് ?
(ചിത്രയോഗം , വീണപൂവ് , അമ്മയുടെ എഴുത്തുകൾ , അമ്മത്തൊട്ടിൽ)

e) ശിവകാമി ആരുടെ കൃതിയാണ് ?
(വയലാർ, റഫീക്ക് അഹമ്മദ്, ഒ.വി വിജയൻ , ആശാൻ )

5 **(ii)** $(5x^1/_2=2^1/_2)$

a) ഖസാക്കിന്റെ ഇതിഹാസം എന്ന നോവലെഴുതിയതാര്?
( വയലാർ , കുട്ടികൃഷ്ണമാരാർ , ഒ.വി വിജയൻ ,ആശാൻ )

b) ഭീഷ്മരെ കൊല്ലൻ സഹായിച്ചത് ആര്?
( ഭീമൻ, കൃപർ , കർണ്ണൻ , ശിഖണ്ഡി)

c) "എനിക്ക് വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി" ആർക്ക് ?
(റഫീക്ക് അഹമ്മദിന്, ഒ.വി വിജയൻ, കുമാരനാശാന് ,എസ് .കെ പൊറ്റക്കാടിന്)

d) കൊതിയ സമാജം കൂടിയിരുന്നത് ഏതു മാവിന്റെ ചുവട്ടിലാണ് ?
(വലിയചക്കരച്ചിയുടെ, കൊച്ചുചക്കരച്ചിയുടെ, ശർക്കരമാവിന്റെ, കിളിച്ചുണ്ടൻമവിന്റെ )

e) അക്കർമാശി ഏതു ഭാഷയിൽ എഴുതിയ കഥയാണ് ?
(മറാത്തി, ബംഗാളി, ഒറിയ , മലയാളം )

6. **(i) ഉത്തരമെഴുതുക** (3x4=12)

1. "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുക്കൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്"-ഇത്തരം അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്- സന്ദർഭം വിശദീകരിക്കുക.?
2. "ചവറുകൾക്ക് പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി" സന്ദർഭം വിവരിക്കുക.
3. അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള ബന്ധം-പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

**(ii)** (3x4=12)

1. “പെറ്റു കിടക്കും തെരുവുപട്ടിക്കെന്താ-
   രൂറ്റം, കുരച്ചതു ചാടിക്കുതിക്കുന്നു”-
   കാവ്യസന്ദർഭം കണ്ടെത്തി വിശകലനം ചെയ്യുക
2. “ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
   പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ” -
   സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക?
3. “അന്യജീവനുതകി സ്വജീവിതം
   ധന്യമാക്കുമമലേ വിവേകികൾ”
   ആശയം വിശദീകരിക്കുക?

**7** **ഏതെങ്കിലുംരണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (2x4=8)

i. ‘സാധാരണക്കാരനായ ഒരു സന്യാസിയെന്ന്’ ചട്ടമ്പിസ്വാമി സ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?
ii. ‘വിജ്ഞാനദാഹിയായ വിപ്ലവകാരിയെന്ന്’ ചട്ടമ്പിസ്വാമി സ്വാമികളെ വിളിക്കാൻ കാരണമെന്ത്?
iii. ചട്ടമ്പിസ്വാമികളുടെ ജീവിതസന്ദേശം എന്തായിരുന്നു.?

**************